GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/07/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കരവാളൂർ, തൃക്കടവൂർ കൃഷിഭവനുകളിലും പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശേരി കൃഷിഭവനിലും ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ 10 രൂപ നിരക്കിൽ വില്പനയ്ക്ക്. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വയനാട് സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹകരണത്തോടെ മൈക്രോഗ്രീൻ കൃഷി എന്ന വിഷയത്തിൽ ജൂലൈ 2-ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

പരിശീലന ഫീസ് 1,250 രൂപ ആണ്. കൂടുതൽ വിവരങ്ങൾക്ക് 7558038632 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വെള്ളനാട് ബ്ലോക്കിൽ ആരംഭിക്കുന്ന "കൃഷിഭദ്ര എഫ്.പി.ഒ." എന്ന മൂല്യവർദ്ധിത ഉത്പന്ന നിർമാണ യൂണിറ്റിന്റെ ഉദ്ഘാടനം കൃഷിഭദ്ര എഫ്.പി.ഒ, ചായ്ക്കുളം, വീരണകാവ് വച്ച് ഇന്ന് (01-07-2026) രാവിലെ 10 മണിക്ക് വെള്ളനാട് ബ്ലോക്ക് പ്രസിഡന്റ് ചെറുവക്കോണം സത്യൻ നിർവ്വഹിക്കുന്നു.

4. "കേര പദ്ധതി" ഫേസ് ബുക്ക് ലൈവിലൂടെ - ഇന്ന് (01/07/2026) രാവിലെ 11 മണിക്ക് "കർഷക കൂട്ടായ്മകൾ എങ്ങനെ രൂപീകരിക്കാം " എന്നതിനെ കുറിച്ച് കൃഷി ഓഫീസറും SFAC പ്രൊജക്റ്റ് മാനേജറുമായ ഡോ. രേഷ്മ മുരുഗൻ ഫേസ് ബുക്ക് ലൈവിലൂടെ ക്ലാസ്സ് നയിക്കുന്നു. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

5. "റബ്ബർതോട്ടങ്ങളിൽ മണ്ണ്-ജലസംരക്ഷണം എങ്ങനെ നടപ്പാക്കാം" എന്നതിനെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (01/07/2026) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

റബ്ബർബോർഡ് ഡെവലപ്മെന്റ് ഓഫീസർ ഡോ. രാജീവ് എം. തോമസ് ഫോണിലൂടെ മറുപടി പറയും. താല്പര്യമുള്ളവർക്ക് 04812576622 എന്ന കോൾസെന്റർ നമ്പരിൽ വിളിക്കാവുന്നതാണ്.

6. കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "പൾസസ് മിഷൻ". പയറുവർഗ്ഗ വിളകളുടെ മൂല്യവർധന ഉറപ്പാക്കുകയും, കൊയ്ത്തിന് ശേഷമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോസസ്സിംഗ്&പാക്കേജിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. പയർ ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), സ്വയംസഹായ സംഘങ്ങൾ (SHG), പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ (PACS), ക്ലസ്റ്റർ ലെവൽ ഫെഡറേഷനുകൾ (CLF), വ്യക്തികൾ, രജിസ്റ്റർ ചെയ്ത സംഘടനകൾ എന്നിവർക്ക് ഈ പദ്ധതിക്ക് അപേക്ഷിക്കാം. ഗ്രൂപ്പ് വിഭാഗത്തിൽ അപേക്ഷിക്കുന്ന FPO, CLF, PACS തുടങ്ങിയ സ്ഥാപനങ്ങൾ കുറഞ്ഞത് രണ്ട് വർഷമായി പ്രവർത്തിച്ചു വരുന്നവരായിരിക്കണം. വ്യക്തിഗത വിഭാഗത്തിൽ

അപേക്ഷിക്കുന്നവർക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം. പദ്ധതിച്ചെലവിന്റെ കുറഞ്ഞത് 15 ശതമാനം സ്വന്തം വിഭവങ്ങളിൽ നിന്ന് കണ്ടെത്താനുള്ള സാമ്പത്തിക ശേഷി ഉള്ളവരും ആയിരിക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, വനിതകൾ, മലനിര മേഖലകൾ, ആസ്പിരേഷണൽ ജില്ലകൾ, PMDDKY പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രത്യേക പരിഗണന ലഭിക്കും. ഒരു യൂണിറ്റിന് പദ്ധതിച്ചെലവിന്റെ 33 ശതമാനം വരെ, പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. "പൾസസ് മിഷൻ" പദ്ധതിയിൽ ധനസഹായം ലഭിക്കാൻ ബാങ്ക് വായ്പ നിർബന്ധമായും എടുക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായോ cru.agridir@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2304481 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

7. നെല്ല്, തെങ്ങ്, വാഴ, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, റബ്ബർ, പച്ചക്കറികൾ ഉൾപ്പെടെ 27 വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയേകാൻ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, വന്യജീവി ആക്രമണം തുടങ്ങി 11 തരത്തിലുള്ള പ്രകൃതി ക്ഷോഭങ്ങൾക്കെതിരെ

സംരക്ഷണം. ഓൺലൈനായി എളുപ്പത്തിൽ AIMS പോർട്ടൽ www.aimsnew.kerala.gov.in വഴി അപേക്ഷിക്കാം. നഷ്ടം സംഭവിച്ചാൽ ഉടൻ കൃഷിഭവനെ അറിയിക്കുക. 15 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷി ഭവനുകളുമായോ കാർഷിക വിവര സങ്കേതം 1800 425 1661 എന്ന ടോൾ ഫ്രീ നമ്പറിലോ ബന്ധപ്പെടുക.